(സി) കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കുന്നതിലേക്കായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എന്നിവയുമായി സഹകരിച്ച് സർക്കാർ കോ-ഇൻഷ്വറൻസ് ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി സർക്കാർ തലത്തിൽ അവലോകനം നടത്തിവരുന്നു.

ഗ്രാമ ന്യായാലയങ്ങൾ

125 (1951) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ സംസ്ഥാന ബജറ്റിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഗ്രാമ ന്യായാലയങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ഇപ്പോൾ ന്യായാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ന്യായാലയങ്ങൾവഴി എത്ര കേസുകൾ ഇതുവരെ തീർപ്പാക്കാൻ സാധിച്ചു ; ഇനിയും തീർപ്പാക്കാനായി അവശേഷിക്കുന്ന കേസുകളെത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 1-3-2011-ലെ ജി.ഒ. (എംഎസ്.) 86/11/ആഭ്യന്തരം ഉത്തരവ് പ്രകാരം 30 ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കാനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്ത് ഇതുവരെ ഗ്രാമ ന്യായാലയങ്ങൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അഭിഭാഷക ക്ഷേമനിധി പ്രവർത്തനം

126 (1952) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷക ക്ഷേമനിധി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എത്ര ;

(സി) അഭിഭാഷക ക്ഷേമനിധി നടത്തിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നല്കുന്ന സാമ്പത്തിക പങ്കാളിത്തം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർക്ക് ഫണ്ടിൽ അംഗത്വം നൽകൽ, ചികിത്സാ സഹായം, പ്രാക്ടീസ് അവസാനിക്കുമ്പോൾ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുക, മരണപ്പെട്ട അഭിഭാഷകരുടെ നോമിനികൾക്കോ നിയമപരമായ അവകാശികൾക്കോ ആനുകൂല്യങ്ങൾ നൽകുക എന്നിവയാണ് ക്ഷേമനിധിയുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) പെൻഷൻ പദ്ധതികൾ ഒന്നുംതന്നെയില്ല. ക്ഷേമനിധി ആനുകൂല്യം മാത്രമേ നൽകിവരുന്നുള്ളൂ.

(സി) 27-11-2013-ൽ ഒറ്റത്തവണ ഗ്രാന്റായി സർക്കാരിൽനിന്ന് രണ്ട് കോടി രൂപയും ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുകയിൽനിന്ന് നാളിതുവരെ ആകെ 12,35,14,668 രൂപയും അനുവദിച്ചിട്ടുണ്ട്.

വ്യവഹാരനയം

127 (1953) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവഹാരനയം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ നയംവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 3-12-2011 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാര നയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതുമാണ്. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയുംവഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽവരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly